# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

## (സംഗ്രഹം)

അക്കാദമിക് വിഭാഗം -എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഫീസ്, എൻട്രൻസ് പരീക്ഷ ഫീസ് എന്നിവ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് 'സി' വിഭാഗം**

നം: എ.സി.ഡി.സി.2/5402/ഫീസ് ഘടന/എസ്.എസ്.യു.എസ്./2017 തീയതി 11.6.2020

---

പരാമർശം : 1. 01.01.2020 തീയതിയിലെ ഇതേ നമ്പർ സർവ്വകലാശാല ഉത്തരവ്.
2 13.07.2016 ലെ എ.സി.ഡി.എ.2/5457/എസ്.എസ്.യു.എസ്./2010 പ്രകാരമുള്ള ഉത്തരവ്.
3. 18.01.2020 ലെ 180-ാമത് സിൻഡിക്കേറ്റ് യോഗ നടപടി ക്രമത്തിലെ 9-ാമത്തെ ഇനം.
4. 18.03.2020 ലെ എസി.ഡി.ബി1/1875/എസ്.എസ്.യു.എസ്/2020 നമ്പർ പ്രകാരമുള്ള കുറിപ്പ്.

## ഉത്തരവ്

27.09.2019 തീയതിയിലെ 179-ാമത് സിൻഡിക്കേറ്റ് യോഗ തീരുമാനം അനുസരിച്ച്, സർവ്വകലാശാലയിലെ വിവിധ കോഴ്സുകളുടെ ഫീസ് നിരക്കുകൾ 2020 - 21 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർശം (2) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ യു.ജി/പി.ജി/എം.ഫിൽ/പി.എച്ച്.ഡി എന്നീ കോഴ്സുകളുടെ തുല്ല്യത സർട്ടിഫിക്കറ്റ് തൊഴിൽ/ഉന്നത പഠനാവശ്യങ്ങൾക്കായി ലഭിക്കുന്നതിന് സർവ്വകലാശാലയിൽ 2500/- രൂപ ഫീസിനത്തിൽ അടയ്ക്കേണ്ടതുണ്ടെന്നും, പുതുക്കിയ ഉത്തരവിൽ ഭേദഗതി വരുത്തണമെന്നും അക്കാദമിക് (എ) വിഭാഗം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും, നിലവിലുള്ള കോഴ്സുകളുടെ ഫീസ് വർദ്ധനയിൽ, വിവിധ കോഴ്സുകളുടെ തുല്ല്യത സർട്ടിഫിക്കറ്റ് ഫീസ് ഉന്നത വിദ്യാഭ്യാസത്തിന് നിലവിലുള്ള നിരക്ക് 350/- രൂപയായി തുടരുന്നതിനും, തൊഴിലാവശ്യത്തിന് 2500/- രൂപയായി വർദ്ധിപ്പിക്കുന്നതിനും ്പരാമർശം (3) പ്രകാരമുള്ള സിൻഡിക്കേറ്റ് തീരുമാനമനുസരിച്ച് ഉത്തരവായിട്ടുണ്ട്.

സർവ്വകലാശാലയിൽ 2020-21 മുതൽ ബിരുദാനന്തര ബിരുദം/പി.ജി ഡിപ്ലോമ എന്നീ കോഴ്സുകളുടെ പ്രവേശന പരീക്ഷയ്ക്കുള്ള ഫീസ്, സിൻഡിക്കേറ്റ് സാധൂകരണത്തിന് വിധേയമായി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പരാമർശം (4) പ്രകാരം അക്കാദമിക് (ബി) വിഭാഗം സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് സാധൂകരണത്തിന് വിധേയമായി 2020-21 മുതൽ ബിരുദാനന്തര ബിരുദം/പി.ജി ഡിപ്ലോമ പ്രവേശന പരീക്ഷയ്ക്കുള്ള ഫീസ് നിരക്കുകൾ താഴെ പറയും പ്രകാരം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

| കോഴ്സ് | ജനറൽ | സംവരണം |
|---|---|---|
| എം.എ | 150/- | 50/- |
| എം.എസ്.സി | 150/- | 50/- |
| എം.എസ്.ഡബ്ല്യൂ/എം.എഫ്.എ | 300/- | 100/- |
| പി.ജി ഡിപ്ലോമ | 150/- | 50/- |

സിൻഡിക്കേറ്റ് തീരുമാനം അനുസരിച്ച്, വിവിധ കോഴ്സുകളുടെ തുല്ല്യത സർട്ടിഫിക്കറ്റ് ഫീസ് ഉന്നത വിദ്യാഭ്യാസത്തിന് നിലവിലുള്ള നിരക്ക് 350/- രൂപയായി തുടരുന്നതിനും, തൊഴിലാവശ്യത്തിന് 2500/- രൂപയായി വർദ്ധിപ്പിക്കുന്നതിനും, കൂടാതെ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിവിധ കോഴ്സുകളുടെ വർദ്ധിപ്പിച്ച ഫീസ് നിരക്കുകൾ 2020-21 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കുന്നതിനും ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു. പ്രസ്തുത ഫീസ് നിരക്കുകൾ അടുത്ത അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിലാകുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**ഡോ.ഗോപാലകൃഷ്ണൻ എം.ബി.**
**രജിസ്ട്രാർ**

പകർപ്പ്

1. എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും/കാമ്പസ് ഡയറക്ടർമാർക്കും/വെബ്സൈറ്റ്
2. ഫിനാൻസ് ഓഫീസർ/ഡയറക്ടർ, സ്റ്റുഡന്റ്സ് സർവീസ്
3. വിസി/പിവിസി/രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. ജെ.ആർ/എ.ആർ (അക്കാദമിക്)/പരീക്ഷാ വിഭാഗം എ/ബി/സി/ഡി
5. ഡിപ്പാർട്ടുമെന്റൽ സിസ്റ്റം/ബിൽ/അക്കൗണ്ട്സ്
6. ഐ.ക്യു.എ.സി/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

**അംഗീകാരത്തോടെ**

Sindhu

**സെക്ഷൻ ഓഫീസർ**